# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6243 — 31.10.2011-ൽ മറുപടിയ്ക്ക്

### വികേന്ദ്രീകൃത ആസൂത്രണം ഫലപ്രദമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരിബാലകൃഷ്ണൻ<br>'' ബി. സത്യൻ<br>''കെ.വി.വിജയദാസ്<br>''കെ.കെ.നാരായണൻ | ഡോ: എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) വികേന്ദ്രീകൃത ആസൂത്രണം ഫലപ്രദമാക്കുന്നതിന് മുൻസർക്കാർ നിയോഗിച്ച ശ്രീ. എം.എ. ഉമ്മൻകമ്മിറ്റി ശുപാർശകൾ എന്തെല്ലാമായിരുന്നു; | (എ) ഡോ:എം.എ.ഉമ്മൻകമ്മിറ്റിയുടെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>1. ഒമ്പതാം പദ്ധതിയുടെയും പത്താം പദ്ധതിയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾമുഖേനയുള്ള വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയ, ധനകാര്യ മാനേജ്മെന്റ്, ആരോഗ്യ ആസൂത്രണം അവഗണിക്കപ്പെട്ട ജനസമൂഹങ്ങളുടെ സ്ഥിതി, സ്ത്രീശാക്തീകരണം, തദ്ദേശ സ്ഥാപനങ്ങളിലെ സേവനങ്ങളുടെ മെച്ചപ്പെടുത്തൽ, വിവരങ്ങളുടെ ശേഖരണം എന്നിവ റിപ്പോർട്ടിൽ വിശദമായി അവലോകനം ചെയ്യുകയും ഈ വിഷയത്തിൽ താഴെപ്പറയുന്ന ശുപാർശകൾ നൽകുകയും ചെയ്തിട്ടുണ്ട്.<br>(i)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രവർത്തന സ്വാതന്ത്ര്യം നൽകണം.<br>(ii)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള ചുമതലകൾക്കനുസൃതമായി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള അധികാരങ്ങൾ നൽകണം.<br>(iii)തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഭരണപരമായ അധികാരം നിർവ്വഹിക്കുന്നതിനുള്ള ഉദ്യോഗസ്ഥരേയും എൻജിനീറിംഗ് സ്റ്റാഫിനേയും നൽകണം.<br>(iv)ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതി പ്രവർത്തനം സംബന്ധിച്ച എല്ലാ വിധ സഹായങ്ങളും നൽകണം.<br>2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ ഉൽപാദനം, വികസനം എന്നീ മേഖലകൾക്ക് ഊന്നൽ നൽകണം. |

3.വികേന്ദ്രീകൃത ആസൂത്രണത്തിന് ഗ്രാമസഭകൾ കൂടുതൽ സജീവ ഘടകങ്ങളാകണം.
4.പാർശ്വവൽക്കരിയ്ക്കപ്പെട്ട സാമൂഹ്യ വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി രൂപീകരിയ്ക്കപ്പെടണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ നൂതന പ്രോജക്ടുകൾ രൂപീകരിയ്ക്കപ്പെടണം.
5.സ്ത്രീകളുടെ ശാക്തീകരണത്തിന് ഊന്നൽ നൽകണം.
6.കേരളാപഞ്ചായത്ത്രാജ് നിയമത്തിലെ 4(എ) പട്ടിക പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകൾ പുനർനിർണ്ണയിക്കണം.
7. ഫ്രണ്ട് ഓഫീസ് സംവിധാനവും പൗരാവകാശരേഖയും പ്രസിദ്ധീകരിക്കണം.

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം നടപ്പിൽ വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; അവശേഷിക്കുന്നവ നടപ്പിലാക്കുന്നുണ്ടോ; | (ബി& സി) | ശുപാർശകൾ നടപ്പാക്കുന്നതിന്റെ ആദ്യ ഘട്ടമായി അക്കാദമിക് രംഗത്തെ പ്രഗത്ഭരായ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് 2009 ജൂലൈ 16-ന് ഒരു ശില്പശാലസംഘടിപ്പിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായി ഒരു എൻജിനീയറിംഗ് കേഡർ രൂപീകരിച്ച് ശക്തമാക്കിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പ്രോജക്ടുകൾ കൂടുതൽ കൃത്യതയോടെരൂപീകരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകളുടെ ശാക്തീകരണത്തിനായി കുടുംബശ്രീ പ്രവർത്തനങ്ങൾ ഉർജ്ജിതമായി നടപ്പിലാക്കി വരുന്നു. പൗരാവകാശ രേഖ എല്ലാ പൗരൻമാർക്കും ലഭ്യമാക്കുംവിധംതദ്ദേശസ്ഥാപനങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കുകയും അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കുകയുംചെയ്തു. കമ്മിറ്റിയുടെ ശുപാർശ പ്രകാര പരിശീലനങ്ങളുടെ ഉള്ളടക്കവുംഗുണനിലവാരവും മെച്ചപ്പെടുത്തിയിട്ടുണ്ട്. മറ്റ് ശുപാർശകൾ നടപ്പാക്കുന്നതിന്റെ നടപടികൾ വിവിധ ഘട്ടത്തിലാണ്. |
| (സി) | ഇതിനായി എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ